

ചിത്രീകരണം : ഭാഗ്യനാഥൻ

# ജലചൂഷണത്തിനെതിരെ സമരമുന്നണി

ഇയ്യങ്കോട് ശ്രീധരൻ

വായുവും വെള്ളവുമെല്ലാം ഭൂമിയിൽ നില നിൽക്കുന്ന മനുഷ്യനടക്കമുള്ള സർവ്വചരാചരങ്ങളുടെയും നിലനില്പിന്റെ അതിപ്രധാന ഘടകങ്ങളാണ്. നിർഭാഗ്യവശാൽ ഈ തിരിച്ചറിവ് അഭ്യസ്തവിദ്യരെന്ന് അഹങ്കരിക്കുന്നവർക്കുപോലും നേടാനായിട്ടില്ല. ജൈവഘടകങ്ങളുടെ ആവാസവ്യവസ്ഥയെ മാത്രമല്ല അചേതന വസ്തുക്കളുടെ നിലനില്പിനെയും ഇതു ബാധിക്കുന്നു. ഇന്ധനത്തിന്നുവേണ്ടി ഭരണകൂടങ്ങൾ ഇന്നു നടത്തുന്ന പരക്കം പാച്ചിലിനേക്കാൾ കൂടുതലായി, നാളെ കുടിവെള്ളത്തിന്നുവേണ്ടിയും മനുഷ്യരും രാഷ്ട്രങ്ങളും നിരന്തരം പൊരുതേണ്ടി വരുമെന്ന് ഉറപ്പിക്കാം. ഇറാക്കിൽ അമേരിക്ക കാണിക്കുന്ന ഗുണ്ടായിസം ഇന്ധന സമ്പാദനത്തിന്നുവേണ്ടി മാത്രമല്ല, യൂഫ്രട്ടീസ് നദിയിലെ ജലത്തിന്നും വേണ്ടിയാണ്. ബഹുരാഷ്ട്ര കുത്തകകളുടെ സംരക്ഷകനായ സാമ്രാജ്യത്വം മൂലധനവ്യാപന വ്യവസ്ഥയ്ക്ക് സ്തുതിപാടുമ്പോൾ, അവരുടെ അജണ്ടയിലെ സുപ്രധാന വിഷയം കുടിവെള്ളമായിത്തീരുന്നു. ഒരു ചെറിയപക്ഷം ശാസ്ത്രജ്ഞന്മാർ മാത്രമേ ഈ അപകടം തിരിച്ചറിഞ്ഞിട്ടുള്ളൂ എന്നു കാണാം. എന്നാൽ ഏതാനും സന്നദ്ധ സംഘടനകൾ ഈ വിപത്തിന്റെ ഗൌരവം ഉൾക്കൊള്ളുകയും ആകാവുന്ന വിധങ്ങളിലെല്ലാം പൌരബോധം ഉണർത്തുവാൻ പാടുപെടുകയും ചെയ്തുവരുന്നു.

പാലക്കാട് ജില്ലയിലെ തീർത്തും അവികസിതമായ 'പ്ലാച്ചിമട' എന്ന പ്രദേശം ഇന്ന് ആഗോളപ്രശസ്തമായത് ജലചൂഷണത്തിന്നെതിരായ സമരമുന്നണിയിലൂടെയാണ്. ഛത്തീസ്ഘട്ടിലെ നദിവില്പനയും ഇപ്പറഞ്ഞതുപോലെ, ആഗോളതലത്തിൽ അറിയപ്പെട്ട ജലചൂഷണമാണല്ലൊ. സംഘടിതമായ ജനകീയ സമരത്തിന്നുമുമ്പിൽ അവിടുത്തെ ഭരണകൂടം കീഴടങ്ങിയത് നാം കണ്ടു.

കൊക്കോകോള നിരോധിച്ചുകൊണ്ട് കേരള സർക്കാരിന് ഉത്തരവ് പുറപ്പെടുവിക്കേണ്ടിവന്നത് നിശ്ചയമായും 'പ്ലാച്ചിമട' സമരത്തിന്റെ വേലിയേറ്റം കൊണ്ടാണ്. കോളക്കമ്പനി അടച്ചിടേണ്ടിവന്നു. എന്നാലും മൂലധനശക്തികൾ അടങ്ങിയിരിക്കുന്നില്ല. കോടതി കയറിയിറങ്ങി, ജനങ്ങൾക്കെതിരെ പൊരുതാനുള്ള തയ്യാറെടുപ്പാണ് അവരിപ്പോൾ നടത്തുന്നത്.

വികസനം എന്നാൽ കുറെ അണക്കെട്ടുകളും, നാലുവരിപ്പാതകളും നിർമ്മിക്കൽ മാത്രമാണെന്ന തോന്നൽ പരക്കെയുണ്ട്. രാജ്യത്ത് നിർബ്ബാധം ഒഴുകുന്ന നദികളെയെല്ലാം തടുത്തു നിർത്തുമ്പോൾ, ആവാസ വ്യവസ്ഥയ്ക്കുണ്ടാകുന്ന അപകടത്തെപ്പറ്റി ആരും ഇന്ന് ബോധവാന്മാരല്ല.

അമ്പതുവർഷം മുമ്പ് നിർമ്മിച്ച പല അണക്കെട്ടുകളും പാതിയെങ്കിലും തൂർന്നുപോയകാര്യം നമ്മുടെ വിദഗ്ദ്ധർ അറിയാറില്ല. അനേകം കോടി രൂപ ചിലവഴിച്ച് കാർഷിക ജലസേചനത്തിനായി നിർമ്മിച്ച അണക്കെട്ടിന്റെ യഥാർത്ഥ ലക്ഷ്യം തകിടം മറിഞ്ഞതിന് മലമ്പുഴ തെളിവാണ്. മലമ്പുഴയുടെ കനാലുകൾ വഴി നനക്കേണ്ടിയിരുന്ന പല കൃഷിയിടങ്ങളും ഇന്ന് കെട്ടിടങ്ങളും പറമ്പുകളുമായി മാറിക്കഴിഞ്ഞു. രണ്ടു പതിറ്റാണ്ടുകൾ കൂടി പിന്നിടുമ്പോൾ കാർഷിക ജലസേചനം എന്നത് മിഥ്യയാകും. പാലക്കാട് നഗരവാസികൾക്കുള്ള കുടിവെള്ള വിതരണത്തിന് മാത്രമായി മലമ്പുഴ ഡാം മാറും. ഇപ്പോൾ തന്നെ അണക്കെട്ടിന്റെ അടിഭാഗം മണ്ണുതൂർന്നുകൊണ്ടിരിക്കുന്നു.

ഭാരതപ്പുഴയുടെ കഥയും വ്യത്യസ്തമല്ല. അനേക ലക്ഷം ജനങ്ങൾക്കും ഇരുകരകളിൽ മേവുന്ന ഗ്രാമങ്ങളിലെ കാർഷികസമൃദ്ധിക്കും അനുഗ്രഹമായിരുന്ന ഭാരതപ്പുഴ ഇന്ന് കടങ്കഥയായിരിക്കുന്നു. നിരന്തരമായി മണലൂറ്റി, പൊന്തക്കാടുകളായി മാറിക്കൊണ്ടിരിക്കുന്ന ഭാരതപ്പുഴയെ നോക്കി നിൽക്കുന്ന, പുഴയുടെ പ്രിയപുത്രനായ എം.ടി.യുടെ മ്ലാനമായ മുഖം ഞാൻ കാണുകയുണ്ടായി. സ്വാഭാവികമായി ഒഴുകിയിരുന്ന പുഴകളെയെല്ലാം വധിച്ചശേഷം, നാമിപ്പോൾ മഴവെള്ള സംഭരണത്തെക്കുറിച്ചാണ് സെമിനാർ സംഘടിപ്പിക്കുന്നത്. ഇതില്പരം പരിഹാസ്യതയെന്താണ്!

നമുക്കുണ്ടാവേണ്ടത്, ജനകീയമായ ജലാധികാര ബോധമാണ്. പ്രാണവായുപോലെ കുടിവെള്ളവും ജീവജാലങ്ങളുടെ തനത് അധികാരാവകാശമാണെന്നും, ഭരണകൂടങ്ങൾക്കോ, കുത്തകകൾക്കോ അതിലിടപെടാൻ അവകാശമില്ലെന്നും പ്രചരിപ്പിക്കാൻ കഴിയണം. അതിന്നായുള്ള ചെറുത്തുനില്പുകൾ സംഘടിപ്പിക്കാൻ നമുക്കു സാധിക്കണം.

'സാകല്യം', കൊല്ലങ്കോട്, പാലക്കാട്-678 506